


# രക്ഷകനെ കാത്തിരുന്ന ജനം

5

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

പാഠം 13

# ഇസ്രായേലിലെ നേതാക്കൻമാർ



## ന്യായാധിപന്മാർ:

ഇസ്രായേലിനെ ശത്രുക്കളിൽനിന്നു രക്ഷിച്ചു മുന്നോട്ടു നയിക്കാൻ ആവശ്യമായ വരങ്ങൾ ലഭിച്ച നേതാക്കൾ.

ന്യായാധിപൻമാരുടെ പുസ്തകത്തിൽ 12 ന്യായാധിപൻമാരുടെ ചരിത്രം വിവരിക്കുന്നു.

ഇസ്രായേലിന്റെ അവസാനത്തെ ന്യായാധിപൻ – **സാമുവൽ**

# രാജാക്കന്മാർ

- ഇസ്രായേലിനെ ദൈവം തന്നെ നേരിട്ടു ഭരിക്കുകയും നയിക്കുകയുമായിരുന്നു.
- ദൈവമായിരുന്നു അവരുടെ രാജാവ്.
- സൈന്യാധിപനും ന്യായാധിപനും ദൈവം തന്നെയായിരുന്നു.
- ഇസ്രായേലിനു ദൈവം രാജ്യവും സുരക്ഷിതത്വവും നൽകി.
- മറ്റുജനങ്ങളെപ്പോലെ ഒരു രാജാവുണ്ടാകാൻ ഇസ്രായേൽക്കാർ ആഗ്രഹിച്ചു.
- സാമുവൽ ദൈവേഷ്ടപ്രകാരം സാവൂളിനെ ആദ്യരാജാവായി വാഴിച്ചു.

# സാവൂൾ : ആദ്യത്തെ രാജാവ്

അഭിഷേകം ചെയ്യുക എന്നതിന്റെ അർത്ഥം ദൈവ സേവനത്തിനായി സമർപ്പിക്കുക എന്നാണ്.

സാമുവേൽ സാവൂളിനെ ചുംബിച്ചിട്ടു പറഞ്ഞു. കർത്താവ് തന്റെ ജനത്തിന്റെ ഭരണാധികാരിയായി നിന്നെ അഭിഷേചിച്ചിരിക്കുന്നു. അവിടുത്തെ ജനത്തെ ഭരിക്കുകയും എല്ലാ ശത്രുക്കളിലും നിന്ന് അവരെ സംരക്ഷിക്കുകയും ചെയ്യണം. (1സാമുവേൽ 10:1)

## ദാവീദ് ശക്തനായ രാജാവ് :

- ജസ്സെയുടെ ഇളയമകനായിരുന്നു ദാവീദ്.
- ദാവീദ് ഗോലിയാത്തിനെ വധിച്ചു.
- സാവൂൾ ദാവീദിനെ സൈന്യാധിപനായി വാഴിച്ചു.
- ദാവീദ് ഇസ്രായേൽ മുഴുവന്റെയും രാജാവായി.
- ദാവീദിന്റെ തിന്മയ്ക്കു ദൈവം ദാവീദിനെ ശിക്ഷിച്ചു.

# സോളമൻ : ജ്ഞാനിയായ രാജാവ്

- ദാവീദിന്റെ മകൻ
- ഇസ്രായേലിന്റെ സുവർണ്ണകാലഘട്ടം
- ദൈവാലയം നിർമ്മിച്ചു.
- സോളമന്റെ പാപം മൂലം രാജ്യം 2 ആയി വിഭജിക്കപ്പെട്ടു.

**ഇസ്രായേൽ**

**യൂദയാ**

ഇസ്രായേലിലെ രാജാക്കൻമാർ നിയോഗിക്കപ്പെട്ടതു നിയമം നിർമ്മിക്കാനല്ല ദൈവം നല്കിയ നിയമങ്ങൾ നടപ്പിലാക്കാനാണ്.

## പുരോഹിതൻമാർ:

- ജനത്തിനുവേണ്ടി കർത്താവിനു ബലിയർപ്പിക്കാനും
- അവിടുത്തെ നാമത്തിൽ ജനത്തെ ആശീർവദിക്കാനാണു പുരോഹിതൻമാർ.

## ഉത്തരവാദിത്വങ്ങൾ:

ബലിപീഠത്തിൽ ശുശ്രൂഷ ചെയ്യുക, ദഹനബലി അർപ്പിക്കുക, നിയമം പഠിപ്പിക്കുക.

# സഭയിലെ വിവിധ ശുശ്രൂഷകൾ

- സഭയിലും നേതൃത്വശുശ്രൂഷയുണ്ട്.
- പ്രവാചകത്വത്തിന്റെയും, പൗരോഹിത്യത്തിന്റെയും, ഭരണത്തിന്റെയും ധർമ്മങ്ങൾ ഉൾച്ചേരുന്നു.
- സാർവ്വത്രിക സഭയിലെ നേതൃത്വ ശുശ്രൂഷ മാർപ്പാപ്പയ്ക്ക്.



# നമുക്കു പ്രാർത്ഥിക്കാം

**വിശുദ്ധിയിൽ വളരുവാൻ ഞങ്ങളെ വിളിച്ച ദൈവമേ, ഞങ്ങളുടെ കടമകൾ നിറവേറ്റി ജീവിക്കാൻ കൃപ ചൊരിയണമേ**



# നമുക്കു പാടാം

ജനങ്ങളെനയിക്കുവാൻ
കരുത്തുറ്റനേതാക്കന്മാർ
ന്യായാധിപന്മാരായ്‌വന്നു,
യുദ്ധവീരന്മാർ!

രണ്ടുനൂറ്റാണ്ടുകാലമാ
ന്യായാധിപന്മാരിസ്രേലിൻ
ഭരണത്തിൽ വ്യാപൃതരായ്
നയിച്ചുപോന്നു!

പ്രവാചകവരമാർന്ന
സാമുവേലാണന്ത്യമായി
ന്യായാധിപനായി വാണ-
തെന്നറിവൂ നാം.

ജെസ്സെയുടെ പുത്രനായ
ദാവീദിനെയഭിഷേകം
ചെയ്തുന്യായമായി തൈലം
കൊണ്ടു സാമുവേൽ!

ദാവീദിന്റെ പുത്രനായ
സോളമെന്നോ ജ്ഞാനിയായ
രാജാവായിവാണകാലം
സുവർണകാലം.

# ദൈവവചനം വായിക്കാം, വിവരിക്കാം

**സാമുവലിനെ തിരഞ്ഞെടുക്കുന്ന സംഭവം**

**വിവരിച്ചുപറയുക ( 1 സാമുവൽ 3:1–21)**

# വഴികാട്ടാൻ ഒരു തിരുവചനം

**“ നിങ്ങൾ പൂർണഹൃദയത്തോടും വിശ്വസ്തതയോടും കൂടെ കർത്താവിനെ സേവിക്കുവിൻ ( 1 സാമുവൽ 12:24)**

# എന്റെ തീരുമാനം

**എന്റെ കടമകൾ**

**ശരിയായി ചെയ്തുകൊണ്ട്**

**ഈശോയ്ക്ക് ഇഷ്ടപ്പെട്ടവളായി ഞാൻ ജീവിക്കും**

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ഇസ്രായേൽ ജനത്തെ നയിക്കാൻ ദൈവം നേതാക്കന്മാരെ നല്കി.

* സഭയിലും ദൈവം നേതാക്കന്മാരെ നിയോഗിച്ചിട്ടുണ്ട്.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* ദൈവം നിയോഗിച്ച നേതാക്കന്മാരെ അനുസരിക്കാൻ നാം കടപ്പെട്ടവരാണ്.

* നാമെല്ലാവരും സഭയുടെയും സമൂഹത്തിന്റെയും വളർച്ചയിൽ സഹകരിക്കേണ്ടവരാണ്.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* സ്വന്തം കടമകൾ ഞാൻ കൃത്യമായി നിർവ്വഹിക്കും.




THANK
YOU